REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി അഹമ്മദാബാദിൽ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി കൂടിക്കാഴ്ച നടത്തി.**
- **ISRO, ഭൗമ നിരീക്ഷണ ഉപഗ്രഹമായ PSLV-C62 EOS-N1, ദൗത്യം പരാജയമെന്ന് ISRO ചെയർമാൻ ഡോ. V നാരായണൻ.**
- **സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് തെരഞ്ഞെടുപ്പ് മാറ്റി വെച്ച തദ്ദേശ വാർഡുകളിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു.**
- **മകരവിളക്കിന് ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണ ഘോഷയാത്ര അല്പസമയത്തിനകം സന്നിധാനത്തേയ്ക്ക് പുറപ്പെടും.**
- **85-ാമത് അഖിലേന്ത്യ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റ് വൈകീട്ട് മംഗലൂരുവിനടുത്ത് മൂഡബിദ്രിയിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി അഹമ്മദാബാദിൽ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി കൂടിക്കാഴ്ച നടത്തി. ഇരുവരും സബർമതി ആശ്രമം സന്ദർശിച്ചു. സബർമതി നദീതീരത്ത് അന്താരാഷ്ട്ര കൈറ്റ് ഫെസ്റ്റിവലിലും നേതാക്കൾ പങ്കെടുത്തു.

വിവിധ മേഖലകളിലെ സഹകരണം കൂടുതൽ ശക്തമാക്കാൻ ചാൻസലറുടെ ആദ്യ ഇന്ത്യ സന്ദർശനം വഴിയൊരുക്കും. വ്യാപാരം, നിക്ഷേപം, ഉയർന്ന നിലവാരത്തിലെ സാങ്കേതികവിദ്യ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനൊപ്പം രാജ്യരക്ഷ, ഹരിത സുസ്ഥിര വികസനം, ശാസ്ത്രം,

ഗവേഷണം എന്നിവയിലെ നിർണായക പങ്കാളിത്തങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും ഉഭയകക്ഷി ചർച്ചകൾ ലക്ഷ്യമിടുന്നു.

✪✪✪

ഇന്ന് ദേശീയ യുവജന ദിനം. സ്വാമി വിവേകാനന്ദന്റെ ജന്മവാർഷിക ദിനമായ ജനുവരി 12 ആണ് ദേശീയ യുവജന ദിനമായി ആചരിക്കുന്നത്. 'സ്വയം ജ്വലിക്കുക, ലോകത്തെ സ്വാധീനിക്കുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.

ന്യൂഡൽഹിയിൽ രണ്ടാമത് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനെ വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ 3,000 യുവ പ്രതിനിധികളുമായി മോദി സംവദിക്കും. കേരളത്തിൽ നിന്ന് 60 അംഗ സംഘമാണ് പങ്കെടുക്കുന്നത്.

✪✪✪

ദേശീയ യുവജന ദിനമായി ആഘോഷിക്കുന്ന സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആദരാഞ്ജലി അർപ്പിച്ചു. സ്വാമി വിവേകാനന്ദൻ കാലാതീതനായ ദർശകനും ആത്മീയ വ്യക്തിത്വത്തിന് ഉടമയായിരുന്നുവെന്നും രാഷ്ട്രപതി അനുസ്മരിച്ചു. ഇന്ത്യയുടെ ശാശ്വതമായ ജ്ഞാനം ലോകത്തിന് മുന്നിൽ എത്തിച്ചത് വിവേകാനന്ദനായിരുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും സ്വാമി വിവേകാനന്ദന് ആദരാഞ്ജലി അർപ്പിച്ചു. സ്വാമി വിവേകാനന്ദൻ ദേശീയ അഭിമാനം ജ്വലിപ്പിക്കുകയും രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കാൻ യുവാക്കളിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്ത വ്യക്തിയായിരുന്നുവെന്ന് ഉപരാഷ്ട്രപതി അനുസ്മരിച്ചു. അദ്ദേഹത്തിന്റെ ആദർശങ്ങൾ തലമുറകൾക്ക് വഴികാട്ടിയായി തുടരുമെന്ന് C.P.രാധാകൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

ഇന്ത്യൻ യുവതയുടെ പ്രചോദനത്തിന്റെ ശക്തമായ ഉറവിടമാണ് സ്വാമി വിവേകാനന്ദനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജന്മവാർഷിക ദിനത്തിൽ സ്വാമി വിവേകാനന്ദന് ശ്രദ്ധാഞ്ജലി അർപ്പിക്കുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഇന്ത്യയുടെ ദൃഢനിശ്ചയത്തിലേക്ക് സ്വാമിയുടെ വ്യക്തിത്വവും പ്രവർത്തനങ്ങളും നിരന്തരം ഉർജ്ജം പകരുന്നതായി നരേന്ദ്രമോദി പറഞ്ഞു. ദേശീയ യുവജന ദിനത്തിൽ എല്ലാ യുവ സഹപ്രവർത്തകർക്കും പുതിയ ശക്തിയും ആത്മവിശ്വാസവും ഉണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

✪✪✪

ദേശീയ യുവജന ദിനത്തിൽ ഭാരതീയ വിചാര കേന്ദ്രത്തിന്റെയും വിവേകാനന്ദ പഠന വേദിയുടേയും നേതൃത്വത്തിൽ തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പാർക്കിൽ പുഷ്പാർച്ചന നടത്തി. മേയർ VV രാജേഷ് ചടങ്ങിൽ പങ്കെടുത്തു.

✪✪✪

ISRO, ഭൗമ നിരീക്ഷണ ഉപഗ്രഹമായ PSLV-C62 EOS-N1, ദൗത്യം പരാജയപ്പെട്ടു. ബഹിരാകാശ കേന്ദ്രത്തിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് രാവിലെ 10.17ന് വിജയകരമായി കുതിച്ചുയർന്ന റോക്കറ്റ്, മൂന്നാം ഘട്ടത്തിൽ പ്രശ്നം നേരിടുകയും വിക്ഷേപണപാതയിൽ നിന്ന് വ്യതിചലിക്കുകയും ചെയ്തതായി ISRO ചെയർമാൻ ഡോ. V നാരായണൻ അറിയിച്ചു. മൂന്നാം ഘട്ടത്തിന്റെ അവസാനം വരെ വാഹനത്തിന്റെ പ്രകടനം പ്രതീക്ഷിച്ചതു പോലെയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ISRO-യുടെ 2026-ലെ ആദ്യ വിക്ഷേപണമായിരുന്നു ഇത്. രാജ്യത്തിന്റെ ഒമ്പതാമത്തെ സമർപ്പിത വാണിജ്യ ദൗത്യമായിരുന്നു ഇത് .

✪✪✪

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് തെരഞ്ഞെടുപ്പ് മാറ്റി വെച്ച തദ്ദേശ വാർഡുകളിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മലപ്പുറം ജില്ലയിലെ മൂത്തേടം - പായിമ്പാടം, എറണാകുളം പാമ്പാക്കുട - ഓണക്കൂർ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ്. രാവിലെ ഏഴിന് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറിന് അവസാനിക്കും. നാളെ വോട്ടെണ്ണും.

തദ്ദേശ തെരഞ്ഞെടുപ്പിൽ മൽസരിച്ച സ്ഥാനാർത്ഥികൾ ചെലവു കണക്കു സമർപ്പിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കും. ഇന്നു തെരഞ്ഞെടുപ്പ് നടക്കുന്ന ഇടങ്ങളിലെ സ്ഥാനാർത്ഥികൾ കണക്കു സമർപ്പിക്കേണ്ട അവസാന തീയ്യതി ഫെബ്രുവരി 12 ആണ്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ പുതിയ വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സൗകര്യങ്ങൾ ഒരുക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ മാസം 22 നകം അപേക്ഷ നൽകിയാൽ ഫെബ്രുവരി 21 ന് പ്രസിദ്ധീകരിക്കുന്ന SIR അന്തിമ പട്ടികയിൽ വോട്ടർമാരുടെ പേരുണ്ടാകും. ഇതിന് ശേഷം നിയമസഭാ തെരഞ്ഞെടുപ്പ് നാമനിർദേശ പത്രികാ സമർപ്പണത്തിന്റെ അവസാനദിവസം വരെയും അപേക്ഷിക്കാം. ഇവരെ സപ്ലിമെന്ററി ലിസ്റ്റിലായിരിക്കും ഉൾപ്പെടുത്തുക.

ഓൺലൈനിലാണ് അപേക്ഷിക്കേണ്ടത്. ഇതിന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ് ഉപയോഗിക്കാം, വോട്ടർ ഹെൽപ് ലൈൻ ആപ്ലിക്കേഷൻ വഴിയും അപേക്ഷ നൽകാം. വെബ്സൈറ്റിലെ ന്യൂ വോട്ടർ രജിസ്ട്രേഷൻ ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് ഫോം - 6 ആണ് പൂരിപ്പിക്കേണ്ടത്. പ്രവാസി വോട്ടർമാർ ഫോം 6 A യിലാണ് അപേക്ഷിക്കേണ്ടത്. തിരിച്ചറിയൽ കാർഡിലെ വിവരങ്ങളിൽ മാറ്റം വരുത്താനോ മണ്ഡലം മാറാനോ ഫോം - 8 ഉപയോഗിക്കാം.

✪✪✪

ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് മത്സരത്തിന് സംസ്ഥാനത്ത് ഇന്ന് തുടക്കമായി. 12,000 ത്തോളം സ്കൂളുകളിലും 1,200 ലധികം കോളേജുകളിലും സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ അഞ്ച് ലക്ഷത്തിലധികം വിദ്യാർഥികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും സർവകലാശാല, കോളേജ് വിദ്യാർത്ഥികൾക്കും പ്രത്യേകം മത്സരങ്ങളാണ് നടത്തുന്നത്. സ്കൂൾതല മത്സര വിജയികൾക്ക് അഞ്ച് ലക്ഷം രൂപയും കോളേജ്തല മത്സര വിജയികൾക്ക് മൂന്ന് ലക്ഷം രൂപയുമാണ് ഒന്നാം സമ്മാനമായി ലഭിക്കുക.

✪✪✪

തിരുവനന്തപുരത്ത് നിയമസഭാ പുസ്തകോത്സവത്തിന്റെ ആറാം ദിവസമായ ഇന്ന് രാവിലെ വിവിധ വിഷയങ്ങളിലെ ചർച്ചകൾക്ക് തുടക്കമായി. ഉച്ചയ്ക്ക് വേദി രണ്ടിൽ, കവിയരങ്ങ് നടത്തും. കാഴ്ചക്കാരെ ഏറെ ആകർഷിച്ച തെയ്യം അവതരണം ഇന്ന് അവസാനിക്കും.

നിയമസഭാ മ്യൂസിയത്തിന് മുന്നിൽ വൈകിട്ട് ഏഴു മുതൽ വസൂരിമാലാ ഭഗവതി തെയ്യവും, എട്ടു മുതൽ പൊട്ടൻ ദൈവം തെയ്യവും അരങ്ങേറും. സ്റ്റുഡൻസ് കോർണറിൽ വൈകിട്ട് കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂൾ അവതരിപ്പിക്കുന്ന വായനാ ദിനം നാടകവും ഉണ്ടാകും.

✪✪✪

കാസർകോട് കുമ്പള ദേശീയപാത തലപ്പാടി–ചെർക്കള റീച്ചിലെ ആരിക്കാടി ടോൾ പ്ലാസയിൽ എംഎൽഎയുടെ നേതൃത്വത്തിൽ ചുങ്കം പിരിവ് ജനങ്ങൾ തടഞ്ഞു. മഞ്ചേശ്വരം MLA എ.കെ.എം. അഷറഫ് അടക്കം പ്രതിഷേധക്കാരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കിയതോടെ ആരിക്കാടി ടോൾ ബൂത്തിൽ ചുങ്കം പിരിവ് ആരംഭിച്ചു. സമരക്കാർ മഞ്ചേശ്വരം പൊലീസ് സ്റ്റേഷൻ ഉപരോധിക്കുകയാണ്.

ദേശീയപാത അതോറിറ്റി സ്വകാര്യ കരാർ കമ്പനിക്ക് ചുങ്കം പിരിക്കാൻ നിർദേശം നൽകിയതിനെ തുടർന്നാണ് രാവിലെ പിരിവ് ആരംഭിക്കാൻ തീരുമാനിച്ചത്.

✪✪✪

ശരണമന്ത്രങ്ങളാൽ മുഖരിതമായി പന്തളം വലിയകോയിക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്രവും പരിസരവും. അല്പസമയത്തിനകം തിരുവാഭരണ ഘോഷയാത്ര ശബരിമല സന്നിധാനത്തേയ്ക്ക് പുറപ്പെടും.

പത്തനംതിട്ടിയിൽ നിന്ന് ശ്രീജി എസ് ശ്രീധർ...

........വോയ്സ്.......

സ്ത്രീകളുൾപ്പെടെ വൻഭക്തജനത്തിരക്കിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷമാണ് പന്തളത്ത് കാണാനാകുന്നത്. ഉച്ചയ്ക്ക് ഒന്നോടെ പന്തളം വലിയകോയിക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽനിന്ന്

പന്തളം കൊട്ടാര പ്രതിനിധിയടക്കം ഉൾപ്പെടുന്ന

തിരുവാഭരണഘോഷയാത്ര സന്നിധാനത്തേയ്ക്ക് യാത്രതിരിക്കും. മകരവിളക്കു ദിനമായ 14 ന് ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങൾ അടങ്ങിയ പേടകങ്ങൾ ഇന്നു പുലർച്ചെ സ്രാമ്പിക്കൽ കൊട്ടാരത്തിൽ നിന്നും വലിയകോയിക്കൽ ക്ഷേത്രത്തിലേക്കു വാദ്യമേളങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളിച്ച് ദർശനത്തിനു വച്ചപ്പോൾമുതൽ തിരക്ക് ആരംഭിച്ചു.ഉച്ചയ്ക്ക് 12 ന് ശേഷം ക്ഷേത്രത്തിലെ ആചാരപരമായ ചടങ്ങുകൾക്കു പന്തളം കൊട്ടാരം വലിയ തമ്പുരാൻ നേതൃത്വം നൽകി. മേൽശാന്തി പൂജിച്ച ഉടവാൾ വലിയതമ്പുരാനു നൽകുകയും ഘോഷയാത്രയെ അനുഗമിക്കുന്ന രാജപ്രതിനിധി അത് ഏറ്റുവാങ്ങുകയുംചെയ്യുമ്പോൾ കൃഷ്ണപരുന്ത് ആകാശത്ത് വട്ടമിട്ടു പറക്കും. ഇതോടെ മൂന്നുനാൾ നീളുന്ന ഘോഷയാത്ര ആരംഭിക്കും. ഘോഷയാത്ര സന്നിധാനത്തെത്തി മകരവിളക്ക് ദിനം തിരുവാഭരണങ്ങളണിഞ്ഞ് നടക്കുന്ന മഹാ ദീപാരാധനവരെ തുടരുന്ന കൃഷ്ണപരുത്തിന്റെ സാന്നിധ്യം ഭക്തിക്കൊപ്പം അതിശയവും ഉളവാക്കുന്ന കാഴ്ചയാണ്. മൂന്നു പേടകത്തിൽ ഒന്നിൽ അയ്യന്റെ തിരുവാഭരണങ്ങളും മറ്റൊന്നിൽ പൂജാ പാത്രങ്ങളും മൂന്നാംപെടകത്തിൽ കൊടിയുമാണ് ഗുരുസ്വാമി ഉൾപ്പെടെ 30 പേരടങ്ങുന്ന പേടകവാഹകർ തിരുവാഭരണപാതയിലൂടെ ഘോഷയാത്രയായി സന്നിധാനത്തെത്തിക്കുക. വലിയ സുരക്ഷാ സന്നാഹങ്ങളോടെയാണ് ഘോഷയാത്ര നടക്കുക

✪✪✪

ബംഗാൾ ഗവർണർ സി.വി ആനന്ദബോസ് തിരുവാഭരണ ദർശനത്തിനു പന്തളത്തെത്തി. സന്ദർശനത്തോടനിബന്ധിച്ച് സുരക്ഷ ശക്തമാക്കിയിരുന്നു.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗം K.P.ശങ്കരദാസ് കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് മറ്റന്നാളേക്ക് മാറ്റി. കൂടുതൽ റിപ്പോർട്ടുകൾ ആവശ്യമായ പശ്ചാത്തലത്തിലാണ് ഇത്. ആരോഗ്യപരമായ കാരണങ്ങൾ ഉന്നയിച്ചാണ് ശങ്കരദാസ് മുൻകൂർ ജാമ്യത്തിന് അപേക്ഷ സമർപ്പിച്ചത്.

✪✪✪

മതിയായ രേഖകളില്ലാതെ ബീഹാറിൽ നിന്നെത്തിച്ച പ്രായപൂർത്തിയാകാത്ത 21 കുട്ടികളെ പാലക്കാട് ജംങ്ഷൻ റെയിൽവേ സ്റ്റേഷനിൽ കണ്ടെത്തി. 10 മുതൽ 13 വരെ പ്രായക്കാരായ ആൺകുട്ടികളെ റെയിൽവേ പൊലീസ് ചൈൽഡ് വെൽഫെയർ കമ്മറ്റിയ്ക്ക് കൈമാറി.

✪✪✪

85-ാമത് അഖിലേന്ത്യ അന്തർ സർവകലാശാല  അത്‌ലറ്റിക് മീറ്റ് വൈകീട്ട് മംഗലൂരുവിനടുത്ത് മൂഢബിദ്രിയിൽ ആരംഭിക്കും. കർണാടക നിയമസഭാ സ്പീക്കർ U.T ഖാദർ  ഉദ്ഘാടനം ചെയ്യും. സ്വരാജ് മൈതാനത്ത് ഈ മാസം 16 വരെയാണ് കായികമേള.

അഞ്ച് ദിവസത്തെ മീറ്റിൽ 315 സർവകലാശാലകളിൽ നിന്ന് 4,000-ത്തിൽ പരം കായിക താരങ്ങൾ പങ്കെടുക്കും. ആകെ 47 ഇനങ്ങളിലാണ് മത്സരങ്ങൾ. കേരളത്തിൽ നിന്ന് കാലിക്കറ്റ്, MG, കണ്ണൂർ, കേരള സർവകലാശാലകളാണ് പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ജില്ലയ്ക്ക് ലഭിക്കുന്ന സ്വർണ്ണ കപ്പ്, ജില്ലകളിലെ പര്യടനം പൂർത്തിയാക്കി ഇന്ന് തൃശൂരിൽ തിരിച്ചെത്തും. തുടർന്ന് സ്വർണ്ണകപ്പ്, വടക്കാഞ്ചേരി സബ് ട്രഷറിയിൽ സൂക്ഷിക്കും.

✪✪✪

സ്വർണ വില വർധിച്ചു. പവന് 1,240 രൂപ ഉയർന്ന് ഒരു ലക്ഷത്തി 4,240 രൂപയായി. 13,030 രൂപയാണ് ഗ്രാമിന്.

✪✪✪

തമിഴ്നാട്ടിലെ കരൂരിൽ T.V.K യുടെ പരിപാടിക്കിടെ തിക്കിലും തിരക്കിലുംപെട്ട് ആളുകൾ മരിക്കാനിടയായ സംഭവത്തിൽ, തമിഴ് നടൻ വിജയിയെ CBI ഇന്ന് ചോദ്യം ചെയ്യും. രാവിലെ ഡൽഹി CBI ആസ്ഥാനത്ത് ഹാജരാകാൻ വിജയിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തത്തിന് പിന്നിലെ സുരക്ഷാ വീഴ്ചകളും മാനദണ്ഡങ്ങളുടെ ലംഘനവുമാണ് CBI അന്വേഷിക്കുന്നത്.

കഴിഞ്ഞ ദിവസം, ചെന്നൈയിലെ TVK ആസ്ഥാനത്ത് നിന്ന് വിജയിയുടെ പ്രചാരണ വാഹനം CBI കസ്റ്റഡിയിലെടുത്തിരുന്നു.

✪✪✪

ക്വാണ്ടം സയൻസ് ശതാബ്ദി പ്രദർശനം കണ്ണൂർ കൃഷ്ണ മേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിൽ ആരംഭിച്ചു. ഒരു നൂറ്റാണ്ട് ലോകത്തെയും പ്രപഞ്ച വിജ്ഞാനത്തെയും മാറ്റിമറിച്ച ക്വാണ്ടം സയൻസ്, വിദ്യാർത്ഥികളെയും പൊതു ജനങ്ങളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, ഐക്യരാഷ്ട്ര സംഘടനയാണ് 2026, ക്വാണ്ടം ശതാബ്ദി വർഷമായി പ്രഖ്യാപിച്ചത്.

✪✪✪

*News Editor : വികെ സുരേഷ്*
*News Reader: വികെ സുരേഷ്*
*NRTs:അനുഷ ആത്മപ്രകാശ്, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*